## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3255**

19-06-2018 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം തുറമുഖ പദ്ധതി ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. കെ.സി.ജോസഫ് :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. കെ.എസ്.ശബരീനാഥൻ: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി സംബന്ധിച്ച കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സർക്കാർ രൂപീകരിച്ച ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ; | (എ) കമ്മീഷൻ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് അയയ്ക്കുകയും, കക്ഷികളിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 2018 ഫെബ്രുവരി മുതൽ തുടർച്ചയായി തെളിവെടുപ്പ് (sitting) നടത്തിക്കൊണ്ടിരിക്കുകയാണ്. കൂടാതെ ചെയർമാനും കമ്മീഷൻ അംഗങ്ങളും രണ്ട് തവണ പദ്ധതി പ്രദേശം സന്ദർശിച്ച് നേരിട്ട് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കമ്മീഷൻ ഓഫീസിന് പുറമേ പ്രദേശവാസികളുടെ അപേക്ഷ പരിഗണിച്ച് തിരുവനന്തപുരത്ത് വച്ചും തെളിവെടുപ്പ് നടത്തുകയുണ്ടായി. കമ്മീഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയുമാണ്. |
| (ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനവുമായി സർക്കാർ സഹകരിക്കുന്നില്ലായെന്ന ആക്ഷേപം കമ്മീഷൻ തന്നെ ഉന്നയിക്കുവാനുണ്ടായ സാഹചര്യം എന്താണ്; വിശദീകരിക്കുമോ; | (ബി) കമ്മീഷൻ അത്തരത്തിൽ ആക്ഷേപം ഉന്നയിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ വ്യക്തത വരുത്തണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ ; | (സി) | കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കരട് വിജ്ഞാപനം സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ഡി) | വളരെ പ്രാധാന്യം നൽകി രൂപീകരിച്ച കമ്മീഷന് സഹകരണം നൽകാതെ കമ്മീഷനെ തന്നെ നിർജ്ജീവമാക്കുന്ന നടപടികൾ സർക്കാർ ഭാഗത്ത് നിന്നും ഉണ്ടാകുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ? | (ഡി) | പൂർണ്ണതോതിലുള്ള സഹകരണമാണ് സർക്കാർ നൽകിവരുന്നത് |

സെക്ഷൻ ഓഫീസർ